## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3016** **28/01/2014-ൽ മറുപടിയ്ക്ക്**

**ദേശീയ ഭൂമിയേറ്റെടുക്കൽ പുനരധിവാസ-പുനഃസ്ഥാപന നിയമത്തിലെ വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ-പുനഃസ്ഥാപന നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പുതിയ വ്യവസ്ഥകൾ എന്തെല്ലാം ഗുണദേഷങ്ങൾക്കിടയാക്കുമെന്നു വെളിപ്പെടുത്തുമോ ; | (എ) കേന്ദ്ര സർക്കാർ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചുവരുന്നു. പുതിയ വ്യവസ്ഥകൾ സംബന്ധിച്ച ഗുണദോഷങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1)താരതമ്യേന കുറഞ്ഞ നഷ്ടപരിഹാരവും പുനരധിവാസത്തിന് വ്യവ്സ്ഥകൾ ഇല്ലാതിരുന്നതുമാണ് നിലവിലുണ്ടായിരുന്ന ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ പ്രധാന പോരായ്മ.<br>2)പുതിയ നിയമ പ്രകാരം സർക്കാരിന്റെ ആവശ്യത്തിലേ യ്ക്കും, സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നതിനും പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് കൈമാറുന്നതിനും വ്യക്തമായ വ്യവസ്ഥകൾക്ക് വിധേ യമായി മാത്രമേ ഭൂമി ഏറ്റെടുക്കാവൂ.<br>3)പുതിയ നിയമപ്രകാരം ജലസേചന സൗകര്യമുപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമി പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.<br>4)ദേശ സുരക്ഷ, പ്രകൃതിക്ഷോഭ ബാധിതർക്കുള്ള പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾക്ക് മാത്രമേ അടിയന്തിര ഖണ്ഡാനുമതി ഉപയോഗിച്ച് ഭൂമി ഏറ്റെടുക്കാവൂ.<br>5)ഭൂമി ഏറ്റെടുക്കാനുള്ള പ്രഖ്യാപനത്തോടൊപ്പം പുനരധിവാസത്തിനുള്ള വിശദാംശങ്ങളുടെ സംക്ഷിപ്ത രൂപം കൂടി ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. |

6)പഴയ നിയമത്തിൽ സൊലേഷ്യം 30% ആയിരുന്നത് പുതിയ നിയമത്തിൽ 100% ആയി ഉയർത്തിയിട്ടുണ്ട്.
7)ഏറ്റെടുത്ത ഭൂമി 5 വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥലം ഭൂവുടമകൾക്ക് തിരികെ നൽകുകയോ, ലാന്റ് ബാങ്കിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്.
8)പുനരധിവസിക്കപ്പെട്ട വ്യക്തി യുടെ ഭൂമി വീണ്ടും ഏറ്റെടു ക്കേണ്ടിവരുന്ന പക്ഷം 75% അധിക നഷ്ടപരിഹാരം അനുവദിക്കേണ്ടതുണ്ട്.
9)പുതിയ നിയമത്തിൽ ആദായ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.
10) പുതിയ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്ക് ശിക്ഷ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) മൂലനിയമത്തിനനുസൃതമായി സംസ്ഥാനത്ത് പുതിയ നിയമ നിർമ്മാണം നടത്തേണ്ടതുണ്ടോ; എങ്കിൽ, സംസ്ഥാനത്തിന്റെ എന്തെല്ലാം പ്രത്യേക പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാകുമെന്ന് വിശദമാക്കുമോ ;

(ബി) മൂല നിയമത്തിനനുസൃതമായി സംസ്ഥാനത്ത് പുതിയ ചട്ടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. പുതിയ നിയമത്തിൽ പുനരധിവാസ പാക്കേജ് കൂടുതൽ ഉദാരമാക്കിയിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായിരുന്ന ഒട്ടേറെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാകും. പുതിയ നിയമത്തിൽ ഭൂവുടമകൾക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് വ്യവ്സ്ഥ ചെയ്യുന്നു. പുതിയ നിയമ പ്രകാരം ജലസേചന സൗകര്യമുപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമി പൂർണ്ണമായി ഒഴിവാക്കേണ്ടതാണ് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങളിൽ നിന്നുണ്ടാകുന്ന എതിർപ്പ് ഒരു പരിധിവരെ ഒഴിവാക്കുന്നതിനും അതുവഴി സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഇതുമൂലം സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.